**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 470** **30-01-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു നടപ്പ് സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര ഗഡു നാളിതുവരെ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്; എത്ര തുകയാണ് ഈ ഇനത്തിൽ ലഭ്യമാക്കിട്ടുള്ളത്; ഓരോ ഗഡുവും അനുവദിച്ച തീയതിയും തുകയും അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി 8258 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതമായി പദ്ധതി ഇനത്തിൽ 2 ഗഡു നാളിതുവരെ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതവും, കേന്ദ്ര വിഹിതവും ചേർത്ത് പദ്ധതി ഫണ്ടിനത്തിൽ ആകെ 4088.7233/- കോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.<br><br><u>സംസ്ഥാന വിഹിതം</u><br><br>1-ം ഗഡു - 1850,68,35,000/- രൂപ (സ.ഉ.(സാധാ) നം.3113/2023/ധന തീയതി: 19.04.2023).<br><br>2-ം ഗഡു - 1850,68,35,000/- രൂപ (സ.ഉ.(സാധാ) നം.5637/2023/ധന തീയതി: 29.07.2023).<br><br><u>കേന്ദ്ര വിഹിതം</u><br><br>• 252 കോടി രൂപ (സ.ഉ. (സാധാ) നം. 8385/2023/ധന, തീയതി 29.11.2023) (RLB Basic Grant)<br>• 135.3563 കോടി രൂപ (സ.ഉ. (സാധാ) നം.664/2024/ധന,തീയതി: 23.01.2024) (ULB Non- Million Plus Cities Basic Grant) |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം ഇനത്തിൽ വകയിരുത്തിയ തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ച തുകയും വ്യക്തമാക്കുമോ; | (ബി) | (i) 2021-22 സാമ്പത്തികവർഷം പദ്ധതി വിഹിതം ഇനത്തിൽ, ബജറ്റ് വിഹിതമായി 7280 കോടി രൂപയും, ഉപധനാഭ്യർത്ഥനയായി 1056.75 കോടി രൂപയും ചേർത്ത് ആകെ 8336.75 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 8062.23 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (ii) 2022-23 സാമ്പത്തിക വർഷം പദ്ധതി വിഹിതം ഇനത്തിൽ ആകെ 8048 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 7974.92 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.<br><br>(iii) 2023-24 സാമ്പത്തിക വർഷം പദ്ധതി വിഹിതം ഇനത്തിൽ ആകെ 8258 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 25.01.2024 തീയതി വരെ ആകെ 4088.7233 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) | മുൻ സാമ്പത്തിക വർഷം വകയിരുത്തിയതിൽ നിന്നും അനുവദിക്കാതിരുന്ന തുക കൂടി കൂട്ടതലായി ഉൾപ്പെടുത്തി ആണോ നടപ്പ സാമ്പത്തിക വർഷം പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | അല്ല.<br><br>ബജറ്റിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും അതാത് സാമ്പത്തിക വർഷം തന്നെ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതാത് വർഷം അനുവദിച്ച തുകയിൽ ചെലവഴിക്കാത്ത തുക, ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരം സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുസരിച്ച് 20% വരെ ക്യാരി ഓവറായി അടുത്ത സാമ്പത്തിക വർഷം അനുവദിക്കാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായി വകയിരുത്തിയിട്ടുള്ള തുകയിൽ കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ആയത് ലഭ്യമാകുന്ന മുറയ്ക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. |
| (ഡി) | അല്ലെങ്കിൽ ഇപ്രകാരം പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാൻ ഇടയായത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചോ എന്നറിയിക്കാമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ